പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 942

12.6.2013 ലെ മറുപടിയ്ക്ക്

## കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. ദാസൻ<br>ശ്രീ.കെ.കെ. നാരായണൻ<br>ശ്രീ.കെ വി. അബ്ദുൾ ഖാദർ<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു.പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |

എ) കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; കെ.ടി.ഡി.സി.യുമായി ബന്ധപ്പെട്ട വികസന പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണ് ;

എ) കെ.ടി.ഡി.സി.യുടെ പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്താറുണ്ട്. കെ.ടി.ഡി.സി. നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ വികസന പദ്ധതികൾ താഴെപ്പറയും പ്രകാരമാണ്.

1. കേരള സർക്കാർ ചെന്നൈ നഗരത്തിലെ എഗ്മൂറിൽ കെ.ടി.ഡി.സി.യ്ക്ക് ലഭ്യമാക്കിയ സ്ഥലത്ത് പണിത ഹോട്ടലായ റെയിൻ ഡ്രോപ്പ്സ് ഉടൻ തന്നെ പ്രവർത്തനമാരംഭിക്കും. പ്രസ്തുത ഹോട്ടലിലെ 90 മുറികളിൽ ഗസ്റ്റ് ഹൗസിനായി മാറ്റി വച്ചിരിക്കുന്ന 10 മുറികളുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ ഹോട്ടലിന്റെ അക്കോമഡേഷൻ വിഭാഗം നേരിട്ട് നടത്തുന്നതിനും മറ്റ് അനുബന്ധ സേവനങ്ങളായ കാറ്ററിംഗ്, ടോട്ടൽ ഡേ ടുഡേ ഓപ്പറേഷൻസ് & മെയിന്റനൻസ്, ഹൗസ് കീപ്പിംഗ് & പെസ്റ്റ് കൺട്രോൾ എന്നിവ ലൈസൻസ് ചെയ്യുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്.
2) മേൽപ്പറഞ്ഞ ബിസിനസ്സ് മാതൃക പിൻതുടർന്നുകൊണ്ട് ആലപ്പുഴ, കല്പ്പറ്റ, നെല്ലിയാമ്പതി, മൂന്നാർ, ശിവഗിരി , ട്രാവൻകൂർ ഹൗസ്, ന്യൂഡൽഹി എന്നീ കേന്ദ്രങ്ങളിൽ 3 സ്റ്റാർ നിലവാരത്തിലുള്ള ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്ലാനിംഗ് ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.
3) കെ.ടി.ഡി.സി.യുടെ പ്രമുഖ ഹോട്ടലുകളിലെ ആയുർവേദ കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള ആയുർവേദ പാക്കേജ് ഏജ് ഹോൾട്ട് (പ്രായ വിരാമം) എന്ന ബ്രാന്റിൽ വിപണനം ചെയ്തു വരുന്നു.
4) തേക്കടിയിൽ പെരിയാർ തടാകത്തിൽ 120 സീറ്റുകളുള്ള രണ്ടു ബോട്ടുകളും 40 സീറ്റുകളുള്ള ഒരു ബോട്ടും ഇറക്കുന്നതിനുള്ള ടെന്ററിംഗ് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

5) കേരളത്തിലെ വിവിധ മതസ്ഥരുടെ ചരിത്ര പ്രാധാന്യമുള്ള പ്രമുഖ ആരാധനാലയങ്ങളെ ബന്ധപ്പെടുത്തി മൾട്ടി ഫെയ്ത്ത് ടൂർ എന്ന പേരിൽ ഒരു പാക്കേജിന് രൂപം നൽകിയിട്ടുണ്ട്.. കാലടിയിലെ ശങ്കര മഠം, കൊടുങ്ങല്ലൂരിലെ ചേരമാൻ മസ്ജിദ്, വല്ലാർപാടത്തെ ബസലിക്ക, മട്ടാഞ്ചേരിയിലെ ജൂതദേവാലയം എന്നിവയെ കോർത്തിണക്കിക്കൊണ്ട് ഒരു ദിവസം നീണ്ടു നിൽക്കുന്ന ടൂർ പാക്കേജ് അംഗീകരിക്കുകയും ഇവയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലേക്കാവശ്യമായ ബസ്സ് വാങ്ങുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

6) കെ.ടി.ഡി.സി.യുടെ തിരുവനന്തപുരത്തെ ചൈത്രം, ഗുരുവായൂരിലെ നന്ദനം ഹോട്ടൽ, തേക്കടിയിലെ ആരണ്യ നിവാസ്, പെരിയാർ ഹൗസ്, ആലപ്പുഴയിലെ തണ്ണീർമുക്കം തുടങ്ങിയവയുടെ പുനരുദ്ധാരണ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

7) കെ.ടി.ഡി.സി. സ്ഥാപനങ്ങളെക്കുറിച്ചുള്ള ഉപഭോക്താവിന്റെ വീക്ഷണത്തിലൂടെയുള്ള സമഗ്ര പഠനത്തിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ലഭ്യമായ വിഭവങ്ങളുപയോഗിച്ചും നൂതന ബിസിനസ്സ് മാതൃകകൾ അവലംബിച്ചും എങ്ങനെ ആധുനികമായി സ്ഥാപനം നടത്താം എന്നു കൂടി പഠനവിഷയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ ടെന്റർ ഡോക്കുമെന്റ് തയ്യാറാക്കി വരുന്നു.

8) 20 കോട്ടേജുകളുള്ള ബേക്കൽ ബീച്ച് ക്യാമ്പിന്റെ നിർമ്മാണം നടന്നു വരുന്നു.

9) മുഴപ്പിലങ്ങാട് ബീച്ച് റിസോർട്ട് തുടങ്ങുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

| | |
|---|---|
| ബി) കെ.ടി.ഡി.സി. ചെയർമാൻ രാജി സന്നദ്ധത അറിയിക്കാനിടയായ സാഹചര്യം വിശദമാക്കുമോ; | ബി) കെ.ടി.ഡി.സി. ചെയർമാൻ രാജി സന്നദ്ധത അറിയിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |
| സി) ചെയർമാനും മാനേജിംഗ് ഡയറക്ടറും ഉന്നയിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട ആരോപണങ്ങളെക്കുറിച്ച് സമഗ്രാന്വേഷണം നടത്താൻ തയ്യാറാകുമോ? | സി) ആരോപണങ്ങൾ ഉന്നയിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ